പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7683 15.07.2014-ലെ മറുപടിക്ക്

## സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ്

| ചോദ്യം<br>**ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ.പി.സി.വിഷ്ണുനാഥ്**<br>**ശ്രീ.സി.പി.മുഹമ്മദ്**<br>**ശ്രീ.ലൂഡി ലൂയിസ്** | മറുപടി<br>**രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
|---|---|
| **എ)** സി.ഐ.എസ്.എഫ് മാതൃകയിൽ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിന്റെ പ്രവർത്തനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | **എ)** സംസ്ഥാനത്ത് സി.ഐ.എസ്.എഫ് മാതൃകയിൽ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് (എസ്.ഐ.എസ്.എഫ്) -ന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പോലീസ് സേനാംഗങ്ങളെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് ഇതിലേക്ക് നിയമിക്കുന്നത്. |
| **ബി)** ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | **ബി)** സംസ്ഥാനത്തെ വിവിധ ബാങ്കുകളിലേക്കും, പൊതു മേഖലാ സ്ഥാപനങ്ങളിലേക്കും, പ്രൈവറ്റ് സ്ഥാപനങ്ങളിലേക്കും ആവശ്യമായ സെക്യൂരിറ്റി പ്രദാനം ചെയ്യുക എന്നുള്ളതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. |
| **സി)** എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | **സി)** എസ്.ഐ.എസ്.എഫിന് പ്രത്യേകിച്ച് കേന്ദ്ര സഹായങ്ങളൊന്നും ലഭിക്കുന്നില്ല. |
| **ഡി)** ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | **ഡി)** എസ്.ഐ.എസ്.എഫിന് വേണ്ടി പ്രത്യേകിച്ച് കേന്ദ്ര സഹായങ്ങളൊന്നും ആവശ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ